നികുതി പിൻവലിക്കണം. ഇതാണ് ഇതിനെ സംബന്ധിച്ച് എനിക്ക് ഗവൺമെൻറിനോട് അപേക്ഷിക്കാനുള്ളത്. ഇതിനെ സംബന്ധിച്ച് അവർ ഗവൺമെൻറിൽ റെപ്രസെൻറേഷൻ നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്ത് അടിയന്തിരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ തമിഴ്നാട്ടിൽ നിന്നും വീടുകളുടെ ആവശ്യത്തിനുള്ള ഇഷ്ടിക കേരളത്തിലേക്ക് വരുന്നുണ്ട്. അതിൽ പറഞ്ഞ ഒരു പ്രശ്നം തമിഴ്നാട്ടിൽ ഇഷ്ടിക ഉണ്ടാക്കുന്നതിനുവേണ്ട വിറകിന്റെയും അസംസ്കൃത സാധനങ്ങളുടെ വിലയും കൂലിച്ചെലവും വളരെ കുറവായതുകൊണ്ട് ഇഷ്ടിക വില വളരെ കുറവാണെന്നതാണ്. അതേ സമയം ഇവിടെ ഈ പറഞ്ഞ അസംസ്കൃത സാധനങ്ങളുടെ വിലയും കൂലി ചെലവും, വിറകിന്റെ വിലയും വളരെ കൂടുതലായതുകൊണ്ട് നമ്മുടെ ഇഷ്ടികക്ക് വില വളരെ കൂടുതലാണ്. അതുകൊണ്ടാണ് തമിഴ്നാട്ടിൽ നിന്നും ഇങ്ങോട്ട് വരുത്തേണ്ടുള്ള സാഹചര്യമുണ്ടായത്. പക്ഷെ തമിഴ്നാട്ടിൽ ഇഷ്ടികക്ക് നികുതിയില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ വരുമ്പോഴും ഉപഭോക്താവായ വീട് നിർമ്മാണക്കാർക്ക് സെയിൽസ്ടാക്സ് ഈടാക്കാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്. കച്ചവടക്കാരുടെ സെയിൽസ് ടാക്സിന്റെ പോയിന്റിൽമാത്രമാണ് നികുതിയുള്ളത്. എന്തായാലും ശരി അതൊരു നിയമംമൂലം നിയന്ത്രിക്കാൻ നമുക്ക് കഴിയുകയില്ല. കാരണം പാലക്കാട് ജില്ലയിൽ ഉല്പാദിപ്പിക്കുന്ന ഇഷ്ടികയുടെ നല്ലൊരു ഭാഗം കോയമ്പത്തൂരാണ് കൊണ്ടുചെന്ന് വിൽക്കുന്നത്. നമ്മൾ ഒരു സംസ്ഥാനത്തുനിന്ന് ഇങ്ങോട്ട് ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പരിശോധിച്ചാൽ അത് ബുദ്ധിമുട്ടാണ്. ഇതിന്റെ വിലകൂടി തമ്മിലുള്ള അന്തരം സെയിൽസ് ടാക്സ് മൂലമാണെങ്കിൽ തീർച്ചയായും ഗവൺമെൻറ് അത് പരിശോധിക്കുന്നതാണ്. കേരളത്തിൽ നാടൻ ഇഷ്ടിക ഉണ്ടാക്കുന്ന നിരവധി ആളുകളുടെ നിവേദനങ്ങൾ ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. റവന്യൂ ബോർഡിനോട് അത് പരിശോധിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ പരിശോധിച്ചു കഴിഞ്ഞപ്പോൾ ഏകദേശം 15 ലക്ഷം രൂപ ഇഷ്ടികയുടെ കാര്യത്തിൽ നഷ്ടമുണ്ടായി എന്നു കണ്ടു. റവന്യൂബോർഡ് അത് പരിശോധിച്ച് ഗവൺമെൻറിന് റിപ്പോർട്ട് തരുന്നതനുസരിച്ച് ആ റിപ്പോർട്ടും കൂടി പഠിച്ചതിനുശേഷം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഗവൺമെൻറ് യുക്തമായ തീരുമാനമെടുക്കുന്നതാണ്.

(6) അസംഘടിത മേഖലയിലെ ബീഡി തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എ. വി. താമരാക്ഷൻ : സർ, ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും സംഘടിതമേഖലയിലെ ബീഡി തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അസംഘടിതമേഖലയിലെ അൻപതിനായിരത്തിൽപരം വരുന്ന ബീഡി തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. സംസ്ഥാനഗവൺമെൻറ് കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി ഇന്നുള്ള ബീഡി സിഗാർ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുകൂടി ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യം കിട്ടാനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം സംസ്ഥാന ഗവൺമെൻറ് ബീഡിത്തൊഴിലാളികൾക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഒരു ക്ഷേമനിധി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതാണ്. അതിന്റെ സ്ഥിതി എന്തായി ? അതിന് കാലതാമസമുണ്ടെങ്കിൽ ഇപ്പോഴെ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമനിധിയിൽ ബീഡിത്തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് അവർക്കുകൂടി ഈ ആനുകൂല്യം കിട്ടാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, കേന്ദ്രഗവൺമെന്റിന്റെ നിയമം അനുസരിച്ച് മുതലാളിമാർ ഐഡന്റിറ്റി കാർഡ് കൊടുക്കുന്ന തൊഴിലാളികൾക്കേ ക്ഷേമനിധിക്ക് അവകാശമുള്ളൂ എന്നുള്ളതാണ് വ്യവസ്ഥ എന്നാൽ ഇങ്ങനെ ഐഡന്റിറ്റി കാർഡ് കൊടുക്കാത്ത മുതലാളിമാരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് വ്യവസ്ഥയില്ല. ഈ നിയമം അമെൻഡ് ചെയ്യണമെന്നും, പ്രോസിക്യൂഷനിൽ ഉൾപ്പെടുത്തണമെന്നും നിരവധി തവണ സംസ്ഥാന ഗവൺമെന്റ് റ്റ്രെസന്റേഷൻ കൊടുത്തിരുന്നു. ഇപ്പോഴും അതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് ബീഡിത്തൊഴിലാളികൾക്ക് വേണ്ടി ഒരു ബില്ല് കൊണ്ടുവരാമെന്ന് പറയുകയും അതിൽ എംപ്ലോയീസുമായി ഇതിനെ സംബന്ധിച്ച് ഒരു എഗ്രിമെന്റ് തന്നെ ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു നിയമനിർമ്മാണം ഉണ്ടാക്കുകയും, ക്യാബിനറ്റ് അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ നിയമവകുപ്പിന്റെ ഉപദേശമനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി മാത്രമേ ഈ ബിൽ അവതരിപ്പിക്കാൻ കഴിയൂ. 1986 മേയ് മാസത്തിൽ തന്നെ അംഗീകാരത്തിനുവേണ്ടി എഴുതുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ആർട്ടിസാൻസിന്റേയും സ്കിൽഡ് വർക്കേഴ്സിന്റേയും ക്ഷേമനിധിയിൽ മറ്റൊരു ക്ഷേമനിധിയിലും ആനുകൂല്യം കിട്ടാത്ത ബീഡിത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി അവർക്കുകൂടി കൊടുക്കാമോ എന്നുള്ള കാര്യം പരിഗണിക്കുന്നതാണ്.

(7) കല്ലൂർ കോ-ഓപ്പറേറ്റീവ് ടൈൽസിന് അനുവദിച്ച സംഖ്യ കൊടുക്കാത്തതിനെത്തുടർന്നുള്ള ബുദ്ധിമുട്ട്

ശ്രീ. വി. കെ. രാജൻ : തൃശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ കല്ലൂർ വില്ലേജിലെ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ സാമ്പത്തിക സഹായത്താൽ കല്ലൂർ കളിമൺ വ്യവസായ സഹകരണസംഘം പണിയുന്ന കോ-ഓപ്പറേറ്റീവ് ടൈൽസ് എന്ന സ്ഥാപനത്തിന് ബോർഡിൽനിന്നും അഞ്ചുലക്ഷത്തി എഴുപതിനായിരം രൂപ അനുവദിച്ചിരുന്നു. ഈ സംഖ്യ കൊണ്ട് പ്രസ്തുത സംഘം ഓട്ടുകമ്പനിക്കുവേണ്ടി അഞ്ച് ഷെഡ്ഡും ചൂളയും പണികഴിപ്പിച്ച് മെഷിനറികളും വാങ്ങി. 58,000 രൂപ കോൺട്രിബ്യൂഷൻ ഇനത്തിൽ അടച്ചാണ് ഇലക്ട്രിസിറ്റി സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. ഇനി ചിമ്മിനി, അച്ച്, സ്റ്റാൻഡ്, കളിമണ്ണ് ഇവയുണ്ടാകണം. ആയതിലേക്ക് 30-3-1986-ൽ സംഘത്തിന് അഡീഷണലായി മൂന്നു ലക്ഷം രൂപകൂടി അനുവദിച്ചു. ഈ സംഖ്യ തൃശൂർ ജില്ലാ ട്രഷറിയിൽനിന്നും പിൻവലിക്കാൻ ഏഴുമാസം കഴിഞ്ഞിട്ടും ജില്ലാ പ്രോജക്ട് ആഫീസർ അനുവാദം നൽകുന്നില്ല. പ്രവർത്തനം തുടങ്ങാത്ത ഈ സംഘത്തോട് രണ്ടു ലക്ഷം രൂപ തിരിച്ചടച്ചാൽമാത്രമേ അനുവാദം തരുകയുള്ളൂ എന്നാണ് ആഫീസർ പറയുന്നത്. പ്രവർത്തനം ആരംഭിക്കാൻ പ്രത്യേകമായി അനുവദിച്ച സംഖ്യ നൽകാതിരിക്കുന്നത് രാഷ്ട്രീയ വിരോധംമൂലമാണ്. ഈ ജില്ലയിൽ തന്നെ നാല് സഹകരണസംഘങ്ങൾക്ക് ഡ്യൂസ് ഉണ്ടായിട്ടും പ്രോജക്ട്

LIBRARY ARCHIVES Kerala Legislative Assembly